പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1405 | 03/10/2016 -ൽ മറുപടിക്ക്

## സുകൃതം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എം. ആരിഫ് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ക്യാൻസർ രോഗികളുടെ തുടർ ചികിത്സയ്ക്കായി നടപ്പാക്കി വന്നിരുന്ന സുകൃതം പദ്ധതി കഴിഞ്ഞ 5 മാസമായി എറണാകുളം ജനറൽ ഹോസ്പിറ്റൽ ഉൾപ്പെടെ നിരവധി ആശുപത്രികളിൽ മുടങ്ങി കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ക്യാൻസറിനു പുറമെ കിഡ്നി, ഹൃദ്രോഗം, കരൾ സംബന്ധിച്ച രോഗങ്ങൾക്ക് തുടർ-ചികിത്സയ്ക്ക് കൂടി സുകൃതം പദ്ധതിയുടെ സഹായം വ്യാപിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; സുകൃതം പദ്ധതി മുടങ്ങാനിടയായിട്ടുണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | (എ) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ക്യാൻസർ രോഗികൾക്കായി സംസ്ഥാനത്ത് 8 സർക്കാർ ക്യാൻസർ ചികിത്സാലയങ്ങളിൽ ചികിത്സ സൗജന്യമാക്കുന്നതിനുള്ള പദ്ധതി-യാണ് സുകൃതം. സുകൃതം പദ്ധതി നടപ്പിലാ-ക്കുന്നതിനായി 12 കോടി രൂപ ആർ.സി.സിക്കും 5 കോടി രൂപ മലബാർ ക്യാൻസർ സെന്ററിനും 3 കോടി രൂപ കോഴിക്കോട് മെഡിക്കൽ കോളേജിനും 2 കോടി രൂപ വീതം എറണാകുളം ജനറൽ ആശുപത്രി, തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകൾക്കും കോർപ്പസ് ഫണ്ടായി അനുവദിച്ചിരുന്നു. ആരോഗ്യവകുപ്പിന് കീഴിലുള്ള എറണാകുളം ജനറൽ ആശുപത്രിയിൽ ഫണ്ട് പൂർണ്ണമായും ഉപയോഗിച്ചിട്ടുണ്ട്.<br>റീജിയണൽ കാൻസർ സെന്ററിന് നൽകിയ 12 കോടി രൂപ 2016 മാർച്ച് മാസത്തോടുകൂടി പൂർണ്ണമായും ചെലവഴിച്ചു കഴിഞ്ഞു. എങ്കിലും അർഹരായ രോഗികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നൽകി വരുന്നുണ്ട്.<br>മലബാർ ക്യാൻസർ സെന്ററിൽ 2014 നവംബറിൽ 5 കോടി രൂപ അനുവദിച്ചിരുന്നു. ഈ പണം ചെലവഴിച്ചുവെങ്കിലും ഇപ്പോഴും അർഹരായ രോഗികൾക്ക് ഈ പദ്ധതി വഴി സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്.<br>ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സുകൃതം പദ്ധതി മറ്റു രോഗങ്ങൾക്കു കൂടി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ